REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 21-11-2025 | സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- **സംസ്ഥാനത്ത് തദ്ദേശ സ്ഥാപന തെരഞ്ഞെടുപ്പിന്റെ നാമനിർദ്ദേശ പത്രികാ സമർപ്പണം ഉച്ചകഴിഞ്ഞ് സമാപിക്കും.**
- **ഗോവാ രാജ്യാന്തര ചലച്ചിത്രമേള രണ്ടാം ദിവസത്തിലേക്ക് കടന്നു.**
- **ഇന്ന് ലോക ടെലിവിഷൻ ദിനം.**
- **ശബരിമലയിൽ ഇന്ന് തീർത്ഥാടക തിരക്ക് നിയന്ത്രണ വിധേയം. ഉച്ചവരെ 45,000 ഓളം പേർ ദർശനം നടത്തി.**
- **ഏഷ്യാകപ്പ് റൈസിംഗ് സ്റ്റാർസ് ട്വന്റി 20 യൂത്ത് ക്രിക്കറ്റിൽ സെമിഫൈനൽ മത്സരങ്ങൾ ഇന്ന്.**

## വാർത്തകൾ വിശദമായി

സംസ്ഥാനത്ത് തദ്ദേശ സ്ഥാപന തെരഞ്ഞെടുപ്പിന്റെ നാമനിർദ്ദേശ പത്രികാ സമർപ്പണം ഉച്ചകഴിഞ്ഞ് സമാപിക്കും. മൂന്നു മണി വരെയാണ് പത്രിക സമർപ്പിക്കാൻ സമയം. സൂക്ഷ്മ പരിശോധന നാളെ നടത്തും. തിങ്കളാഴ്ച ഉച്ചയ്ക്ക് ശേഷം മൂന്നു മണി വരെ പത്രിക പിൻവലിക്കാൻ അവസരമുണ്ടാകും.

✪✪✪

പാലക്കാട് നഗരസഭയിൽ മൂന്ന് മുന്നണികളുടെയും സ്ഥാനാർഥി പ്രഖ്യാപനം പൂർത്തിയായതോടെ മത്സരചിത്രം തെളിഞ്ഞു. 53 സീറ്റുകളിലാണ് നഗരസഭയിൽ തിരഞ്ഞെടുപ്പ്.

പാലക്കാട്ടു നിന്നും ഫൈസൽ അലിമുത്ത്.

....(വോയ്സ്).............

കൽപ്പാത്തി ഈസ്റ്റ് ഉൾപ്പടെ  ഏഴ് വാർഡുകളിലേക്കു കൂടി സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചതോടെ നഗരസഭയിലേക്കുള്ള യു.ഡി.എഫ് സ്ഥാനാർഥി പ്രഖ്യാപനം പൂർത്തിയായി. എൻ.ഡി.എ യുടെ അവശേഷിക്കുന്ന രണ്ടു വാർഡുകളിലെ സ്ഥാനാർഥി പ്രഖ്യാപനം ഇന്നുണ്ടാകും. ഇന്നലെ ആറ് വാർഡുകളിലെ സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചിരുന്നു. നഗരസഭയിൽ ഇടതുമുന്നണി മുഴുവൻ സീറ്റുകളിലേക്കും സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചു.ജില്ലയിൽ ഇന്നലെ വിവിധ തദ്ദേശ വാർഡുകളിലായി 3271 പേർ പത്രിക സമർപ്പിച്ചു. ഇതുവരെ ആകെ 7036 പേരാണ് നാമനിർദ്ദേശ പത്രിക സമർപ്പിച്ചിരിക്കുന്നത്.

✪✪✪

കണ്ണൂരിലും സ്ഥാനാർത്ഥികളുടെ ചിത്രം തെളിയുകയാണ്. 71 ഗ്രാമപഞ്ചായത്തുകളിലും  11 ബ്ലോക്ക് പഞ്ചായത്തുകളിലും മട്ടന്നൂർ ഒഴികെ 8 നഗരസഭകളിലും കണ്ണൂർ കോർപ്പറേഷനിലും ആണ് തെരഞ്ഞെടുപ്പ്.

കോർപ്പറേഷനിലും ജില്ലാ പഞ്ചായത്ത് ഡിവിഷനുകളിലും LDF ഉം ,  UDF ഉം , NDA ഉം ഇതിനകം പത്രിക നൽകി കഴിഞ്ഞു.

ബ്ലോക്ക് ഡിവിഷനുകളിലും ഗ്രാമപഞ്ചായത്ത് വാർഡുകളിലും ഇന്ന് വൈകുന്നേരത്തോടെ പത്രിക സമർപ്പണം പൂർത്തിയാകും.

✪✪✪

സംസ്ഥാനത്തെ തീവ്ര വോട്ടർപട്ടിക പരിഷ്കരണം നീട്ടി വെക്കണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാന ഗവൺമെന്റ് നൽകിയ ഹർജി സുപ്രീം കോടതി ഇന്ന് പരിഗണിച്ചേക്കും. തദ്ദേശ തെരഞ്ഞെടുപ്പിന്റെ പ്രവർത്തനങ്ങൾക്ക് വിഘാതമാകുന്ന SIR നീട്ടിവെക്കണമെന്നാണ് കേരളത്തിന്റെ ആവശ്യം. CPIM ഉം കോൺഗ്രസും, മുസ്ലീം ലീഗും, SIR നെതിരെ സുപ്രീം കോടതിയിൽ പ്രത്യേകമായി ഹർജികൾ സമർപ്പിച്ചിട്ടുണ്ട്. ഹർജികൾ ഒന്നിച്ചായിരിക്കും കോടതി പരിഗണിക്കുക.

✪✪✪

20-ാമത് ജി-20 നേതാക്കളുടെ ഉച്ചകോടി സുപ്രധാന ആഗോള വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് അവസരമൊരുക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. വസുധൈവ കുടുംബകം, ഒരു ഭൂമി, ഒരു കുടുംബം, ഒരു ഭാവി എന്നീ ദർശനത്തിന് അനുസൃതമായി രാഷ്ട്രത്തിന്റെ കാഴ്ചപ്പാട് ഉച്ചകോടിയിൽ അവതരിപ്പിക്കുമെന്ന് പ്രധാനമന്ത്രി  വ്യക്തമാക്കി. ആഫ്രിക്കയിലെ ആദ്യത്തെ ജി20 ഉച്ചകോടിയാണെന്നതിനാൽ ഏറെ പ്രത്യേകതകൾ ഉണ്ടായിരിക്കുമെന്ന്

ജോഹന്നാസ്ബർഗ് സന്ദർശനത്തിന് മുന്നോടിയായി പുറപ്പെടുവിച്ച പ്രസ്താവനയിൽ പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് ഛത്തീസ്ഗഡിലെ അംബികാപൂരിൽ ജൻജാതീയ ഗൗരവ് ദിവസ് സമാപന ആഘോഷങ്ങളിലും പങ്കെടുക്കും. ഗോത്ര സമുദായങ്ങളിലെ സ്വാതന്ത്ര്യസമര സേനാനികളെയും, സമര നായകരെയും രാഷ്ട്രപതി ആദരിക്കും.

✪✪✪

ഡൽഹിയിലെ ചുവപ്പുകോട്ട കാർ സ്ഫോടനവുമായി ബന്ധപ്പെട്ട് ഫരീദാബാദിലെ അൽഫലാഹ് സർവകലാശാലയുടെ പ്രവർത്തനങ്ങൾ അന്വേഷിക്കുന്നതിന് പ്രത്യേക സംഘം രൂപീകരിച്ചു. രണ്ട് പൊലീസ് കമ്മീഷണർമാർ, ഒരു ഇൻസ്പെക്ടർ, രണ്ട് സബ് ഇൻസ്പെക്ടർമാർ എന്നിവരടങ്ങുന്ന സംഘമാണ് അന്വേഷിക്കുക. സംഭവവുമായി ബന്ധപ്പെട്ട് സർവകലാശാലയിലെ ചില ഡോക്ടർമാരെ അറസ്റ്റു ചെയ്തതിന്റെ പശ്ചാത്തലത്തിലാണ് തുടരന്വേഷണം.

✪✪✪

ഗോവാ രാജ്യാന്തര ചലച്ചിത്രമേള രണ്ടാം ദിവസത്തിലേക്ക് കടന്നു. ഏറെ പ്രതീക്ഷയോടെ ആസ്വാദക ലോകം  കാത്തിരിക്കുന്ന മാസ്റ്റർ ക്ലാസിക്കുകൾ പനാജിയിലെ കലാ അക്കാദമിയിൽ കേന്ദ്രമന്ത്രി ഡോ. L. മുരുകനും വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയ സെക്രട്ടറി സഞ്ജയ് ജാജുവും ചേർന്ന് ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ പ്രമുഖ ചലച്ചിത്ര നിർമ്മാതാവ് മുസാഫിറലിയും പങ്കെടുത്തു. അദ്ദേഹത്തിന്റെ ഗമൻ, ഉമ്രജാൻ എന്നീ സിനിമകൾ മേളയിൽ പ്രദർശിപ്പിക്കും.

✪✪✪

ബംഗ്ലാദേശിലെ ധാക്കയ്ക്ക് സമീപം പുലർച്ചെ സാമാന്യം ശക്തമായ ഭൂചലനമുണ്ടായി. റിക്ടർ സ്കെയിൽ 5.7 തീവ്രത രേഖപ്പെടുത്തിയ ഭൂചലനത്തിന്റെ പ്രഭവ സ്ഥാനം ധാക്കാ നഗരത്തിന് പത്ത് കിലോമീറ്റർ താഴ്ചയിലാണ്. കൊൽക്കത്ത ഉൾപ്പെടെ പശ്ചിമബംഗാളിലെ ചില ജില്ലകളിലും നേരിയ ചലനം അനുഭവപ്പെട്ടു.

✪✪✪

ഇന്ന് ലോക ടെലിവിഷൻ ദിനം. പൊതു ജനാഭിപ്രായരൂപീകരണത്തിലും വിദ്യാഭ്യാസം നല്കുന്നതിലും ആശയ വിനിമയവും ആഗോള ധാരണയും വളർത്തുന്നതിലും പ്രമുഖ പങ്കു വഹിക്കുന്ന മാധ്യമം എന്ന നിലയിൽ ടെലിവിഷന്റെ പ്രാധാന്യം അംഗീകരിക്കുന്നതിനാണ് ദിനാചരണം. 1996-ൽ ഐക്യരാഷ്ട്ര സഭയുടെ പൊതുസഭ അംഗീകരിച്ച പ്രമേയത്തിലൂടെയാണ് നവംബർ 21 ലോകടെലിവിഷൻ ദിനമായി ആചരിക്കുന്നത്. ഇന്ത്യയുടെ ടെലിവിഷൻ ശൃംഖല 23 കോടി വീടുകളിലെ 90 കോടി ആളുകളിൽ എത്തുന്നുണ്ടെന്നാണ് കണക്ക്.

✪✪✪

തിരുവനന്തപുരം ഉൾപ്പെടെ ആകാശവാണി ദൂരദർശൻ കേന്ദ്രങ്ങളിൽ കോപ്പി എഡിറ്റർമാരുടെ ഒരു വർഷത്തെ കരാർ നിയമനത്തിന് പ്രസാർഭാരതി അപേക്ഷ ക്ഷണിച്ചു. തിരുവനന്തപുരം ദൂരദർശനിൽ രണ്ടൊഴിവും ആകാശവാണിയിൽ ഒരൊഴിവുമുണ്ട്. ബിരുദവും മുഖ്യധാരാ മാധ്യമങ്ങളിൽ അഞ്ചുവർഷത്തെ പ്രവൃത്തി പരിചയവുമാണ് യോഗ്യത. മൂന്ന് വർഷത്തെ പ്രവൃത്തി പരിചയവും ജേണലിസം ബിരുദമോ, പിജി ഡിപ്ലോമയോ നേടിയവർക്കും അപേക്ഷിക്കാം. മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ പ്രാവിണ്യമുണ്ടായിരിക്കണം. 35 വയസ്സാണ് അപേക്ഷകരുടെ പ്രായപരിധി.

✪✪✪

ശബരിമലയിൽ ഇന്ന് തീർത്ഥാടക തിരക്ക് നിയന്ത്രണ വിധേയമാണ്. രാവിലെ നട തുറന്നതു മുതൽ ഏഴ് മണിക്കൂർ സമയത്ത് 44,668 പേരാണ് ദർശം നടത്തിയത്.

പത്തനംതിട്ടയിൽ നിന്ന് ശ്രിജി S. ശ്രീധർ...

..........വോയ്സ്.......

ശബരിമലയിലെ തിരക്ക് നിയന്ത്രണത്തിന്റെ ഭാഗമായി നിലയ്ക്കൽ മുതൽ സന്നിധാനം വരെയുള്ള പോലീസ് നിയന്ത്രണങ്ങൾ തുടരുന്നു. രാവിലെ മലകയറിയ ഭക്തർക്ക് നാലു മണിക്കൂർ വരെ നിയന്ത്രണത്തിന്റെ ഭാഗമായി പലസ്ഥലങ്ങളിൽ കാത്തു നിൽക്കേണ്ടതായി വരുന്നുണ്ടെങ്കിലും ദർശനം ലഭിക്കുന്നുണ്ട്. ഇന്ന് രാവിലെ മൂന്നുമുതൽ രാവിലെ 11 വരെയുള്ള കണക്കുപ്രകാരം 39,779 പേർ വെർച്വൽ ക്യൂവഴിയും 4,889 പേർ സ്പോട്ട് ബുക്കിംഗ് വഴിയും ദർശനം നടത്തി. തിരക്ക് നിയന്ത്രണം ഉൾപ്പെടെയുടെ വിഷയങ്ങളിൽ ദേവസ്വം മന്ത്രിയുടെ നേതൃത്വത്തിൽ നാളെ രാവിലെ 10.30 പമ്പയിൽ അവലോകന യോഗം ചേരുമെന്നാണ് ലഭ്യമാകുന്ന വിവരം.

ഹൈക്കോടതി നിർദേശപ്രകാരം സ്പോർട്ട് ബുക്കിംഗ് 24 വരെ 5000 ആയി കുറച്ചിട്ടുള്ളതിനാൽ നിലയ്ക്കൽ, വണ്ടിപെരിയാർ എന്നിവിടങ്ങളിൽ മാത്രമാണ് സ്പോർട്ട് ബുക്കിംഗ് കേന്ദ്രങ്ങൾ നിലവിൽ പ്രവർത്തിക്കുന്നത്. സ്പോട്ട് ബുക്കിംഗിനായെത്തുന്ന തീർഥാടകരുടെ എണ്ണം വർദ്ധിക്കുന്നതിനിൽ നിലയ്ക്കലിൽ വലിയ തിരക്കാണ് അനുഭവപ്പെടുന്നത്. ഇവിടെ അടിസ്ഥാന സൗകര്യവികസനം അപര്യാപ്തമാണ്. സ്പോട്ട് ബുക്കിംഗിനായി എത്തുന്ന തീർഥാടകർ നിലയ്ക്കലിൽ മണിക്കൂറുകളോ ഒരു ദിവസമോ കാത്തുനിൽക്കേണ്ട സ്ഥിതിയാണ് നിലവിലുള്ളത്. വെർച്ചൽ ക്യൂ ബുക്കിംഗ് ഡിസംബർ 12രെ പൂർത്തിയാണ്. ദർശനത്തിന് എത്തുന്ന ഭക്തർ തിരക്കൊഴിവാക്കാൻ പരമാവധി വെർച്ചൽ ക്യൂ സംവിധാനം ഉപയോഗപ്പെടുത്തണം.

✪✪✪

ഏഷ്യാകപ്പ് റൈസിംഗ് സ്റ്റാർസ് ട്വന്റി 20 യൂത്ത് ക്രിക്കറ്റിൽ  സെമിഫൈനൽ മത്സരങ്ങൾ ഇന്ന്.  ഉച്ച കഴിഞ്ഞ് മൂന്നിന് ഇന്ത്യാ A ടീം, ബംഗ്ലാദേശ് A ടീമിനെ നേരിടും. രാത്രി എട്ടിന് രണ്ടാം സെമിയിൽ  പാക്കിസ്ഥാൻ A ടീം ശ്രീലങ്ക A ടീമുമായി ഏറ്റുമുട്ടും.

✪✪✪

ഇന്ത്യ - ദക്ഷിണാഫ്രിക്ക ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം നാളെ രാവിലെ ഒൻപതിന് ഗോഹട്ടിയിൽ ആരംഭിക്കും. പരിക്കിനെ തുടർന്ന് ഇന്ത്യൻ ക്യാപ്റ്റൻ ശുഭ്മാൻ ഗിൽ കളിക്കില്ലെന്നാണ് റിപ്പോർട്ട്.

✪✪✪

സൂപ്പർ ലീഗ് കേരളാ ഫുട്ബോളിൽ തിരുവനന്തപുരം കൊമ്പൻസ് ഇന്ന് തൃശൂർ മാജിക് FC യെ നേരിടും.തൃശൂർ കോർപ്പറേഷൻ സ്റ്റേഡിയത്തിൽ രാത്രി ഏഴരയ്ക്കാണ് മത്സരം.

✪✪✪

മുൻ MLA, PV അൻവറിന്റെ മലപ്പുറം ഒതായിയിലെ വീട്ടിൽ എൻഫോഴ്സ്മെന്റ് ഡയറക്ട്രേറ്റ് റെയ്ഡ് തുടരുന്നു. ഏഴ് മണിയോടെയാണ് ED സംഘം അൻവറിന്റെ വീട്ടിലെത്തിയത്. ഡ്രൈവർ സിയാദ് ഉൾപ്പെടെ അൻവറിന്റെ സഹായികളുടെ വീട്ടിലും ED സംഘം എത്തിയിട്ടുണ്ട്.

കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്ന് അൻവർ 12 കോടി രൂപ വായ്പ എടുത്ത് തട്ടിപ്പ് നടത്തിയെന്ന പരാതിയിൽ നേരത്തെ വിജിലൻസ് റെയ്ഡ് നടത്തിയിരുന്നു. ഈ രേഖകൾ EDയും ആവശ്യപ്പെട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് പരിശോധന.

✪✪✪

തിരുവനന്തപുരം ബീമാപള്ളി ഉറൂസിന് നാളെ തുടക്കമാകും. അടുത്ത മാസം മാസം രണ്ട് വരെയാണ് ഉറൂസ്.

തിരുവനന്തപുരത്തു നിന്ന് രെജു കോലിയക്കോട്.

.........( വോയ്സ്)...............

നാളെ രാവിലെ 11 മണിക്ക് ബീമാപള്ളി മുസ്‌ലിം ജമാഅത്ത് പ്രസിഡന്റ് എസ്. അബ്ദുൽ ജബ്ബാറും , വൈസ് പ്രസിഡന്റ്റ് ഹലീലു റഹ്മാനും ചേർന്ന് പതാക ഉയർത്തുന്നതോടെ ഈ വർഷത്തെ ബീമാപ്പള്ളി ഉറൂസിന് തുടക്കമാകും.

ആദ്യ ദിവസത്തെ കൂട്ട പ്രാർഥനയ്ക്ക് ബീമാ പള്ളി ചീഫ് ഇമാം അൽ ഹാഫിസ് കുമ്മനം നിസാമുദ്ദീൻ അസ്ഹരി,ഡോ. സയ്യിദ് ശിഹാ ബുദ്ദീൻ അഹ്ദൽ മുത്തന്നൂർ തങ്ങൾ എന്നിവർ നേതൃത്വം നൽകും.

തുടർന്ന് ഈ മാസം 23 മുതൽ ഡിസംബർ ഒന്നു വരെ പ്രഭാഷണ പരമ്പര നടക്കും.ഡിസംബർ 2ന് രാവിലെ 6 മണിക്ക് ഖത്ത്മുൽ ഖുർ ആൻ തമാമും തുടർന്ന് നേർച്ച വിതരണവും , അന്നദാനവും ഉണ്ടാകും.ബീമാപ്പള്ളി ഉറൂസിനായുള്ള ഒരുക്കങ്ങൾ എല്ലാം പൂർത്തിയായിക്കഴിഞ്ഞു.

സുരക്ഷയ്ക്കായി പൊലീസ് സേനയെ വിന്യസിക്കും.

✪✪✪

തിരുവനന്തപുരത്ത് അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് ഒരാൾ കൂടി മരിച്ചു. നെടുമങ്ങാട് ഇരിഞ്ചയം സ്വദേശി 26 കാരിയാണ് മരിച്ചത്. 40 ദിവസമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ചികിത്സയിലായിരുന്നു. ബുധനാഴ്ചയാണ് മരണം സ്ഥിരീകരിച്ചത്. യുവതിയുടെ രോഗ ഉറവിടം കണ്ടെത്താനായിട്ടില്ല.

✪✪✪

സംസ്ഥാനത്തെ മെഡിക്കൽ കോളജ് ഡോക്ടർമാർ അഞ്ചാഴ്ചയായി തുടരുന്ന റിലേ നിരാഹാരത്തിന്റെ ഭാഗമായി ഇന്നും നാളെയും OP-യും, തിയറി ക്ലാസുകളും ബഹിഷ്കരിക്കും. ഡോക്ടർമാരുടെ സംഘടനയായ KGMCTA യുടെ നേതൃത്വത്തിലാണ് സമരം.

✪✪✪

കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഹൃദയം തുറക്കാതെ അയോർട്ടിക് വാൽവ് പതിമൂന്നാമതും വിജയകരമായി മാറ്റിവെച്ചു. ഇതിന് പിന്നിൽ പ്രവർത്തിച്ച മെഡിക്കൽ കോളേജിലെ മുഴുവൻ ടീം അംഗങ്ങളേയും മന്ത്രി വീണാ ജോർജ് അഭിനന്ദിച്ചു. 69 കാരനായ കാസർഗോഡ് സ്വദേശിയ്ക്കാണ് TAVR ചികിത്സ നടത്തിയത്.

✪✪✪

*News Editor :& News Reader വി കെ സുരേഷ്*
*NRTs: അനിൽ ചന്ദ്രൻ, രജിന കെ*
*DEO: സി കെ സുബോധ്*